| ക്രമ നമ്പർ | ഉടമസ്ഥൻ/കൈവശക്കാർ | 29-11-2018-ലെ നാട്ടാനകളുടെ സെൻസസ് പ്രകാരം | 28-2-2020-ലെ കണക്ക് പ്രകാരം |
|---|---|---|---|
| 1 | വനം വകുപ്പ് | 39 | 38 |
| 2 | സർക്കാർ ദേവസ്വം | 87 | 83 |
| 3 | സ്വകാര്യ ദേവസ്വം | 42 | 41 |
| 4 | സ്വകാര്യ വ്യക്തികൾ | 353 | 334 |
| ആകെ | | 521 | 496 |

(ബി)

2016 - 23 എണ്ണം

2017 - 18 എണ്ണം

2018 - 34 എണ്ണം

2019 - 19 എണ്ണം

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്സവങ്ങൾക്കാവശ്യമായ ആനകളെ ലഭ്യമാക്കുന്നത് സംബന്ധിച്ച് വനം വകുപ്പ് നടപടികളൊന്നും സ്വീകരിക്കാൻ ആലോചിച്ചിട്ടില്ല. കേരളത്തിൽ 500-ഓളം നാട്ടാനകൾ നിലവിലുണ്ട്. നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും പാലിച്ചുകൊണ്ട് ടി ആനകളെ ആഘോഷങ്ങൾക്കും ഉത്സവങ്ങൾക്കും പങ്കെടുപ്പിക്കുന്നതിന് വനം വകുപ്പ് അനുമതി നൽകിവരുന്നു.

**പ്രളയബാധിത പ്രദേശത്തെ കർഷകർക്കുള്ള മൃഗസംരക്ഷണ വകുപ്പിന്റെ സഹായങ്ങൾ**

125(778) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയബാധിത പ്രദേശത്തെ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് മൃഗസംരക്ഷണ വകുപ്പ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ കൃത്യമായി അർഹതപ്പെട്ടവർക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) പ്രളയം 2018:- പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ മൃഗസംരക്ഷണ വകുപ്പ് 65.8 ലക്ഷം രൂപ ചെലവഴിച്ച് 329 ചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രാഥമിക ചികിത്സ, തീറ്റ വിതരണം എന്നിവ നടത്തുകയുണ്ടായി. പ്രളയത്തോടനുബന്ധിച്ച് പ്രളയബാധിത പ്രദേശങ്ങളിൽ നാഷണൽ ഡെയറി ഡെവലപ്മെന്റ് ബോർഡ്, തമിഴ്നാട്, തെലങ്കാന, ആന്ധ്രാപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലെ മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരളാ ഫീഡ്സ്, മറ്റ് സ്വകാര്യ പൊതുമേഖലാ ഏജൻസികൾ എന്നിവ തീറ്റ, വൈക്കോൽ, ധാതുലവണ മിശ്രിതങ്ങൾ, മരുന്നുകൾ മുതലായവ വിതരണം ചെയ്യുകയുണ്ടായി. കൂടാതെ 1968.1 മെട്രിക് ടൺ കാലിത്തീറ്റ, 1603.2 മെട്രിക് ടൺ പച്ചപ്പുൽ, 63.48 മെട്രിക് ടൺ ടി.എം.ആർ. തീറ്റ, 28.44 മെട്രിക് ടൺ ധാതുലവണ മിശ്രിതം എന്നിവ വിതരണം ചെയ്തു. സംസ്ഥാന ശുചിത്വ മിഷന്റെ സഹായത്തോടെ മരണപ്പെട്ട ഉരുക്കളുടെ ജഡം ശാസ്ത്രീയമായി സംസ്കരിക്കുകയുണ്ടായി. മൃഗ സംരക്ഷണ വകുപ്പ് വഴി നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ്, അമൂൽ എന്നിവിടങ്ങളിൽനിന്നും ലഭിച്ച 68848 ലിറ്റർ പാൽ, 7.45 മെട്രിക് ടൺ പാൽപ്പൊടി എന്നിവ പൊതുജനങ്ങൾക്ക് വിതരണം ചെയ്തു. തമിഴ്നാട് കോഴിവളർത്തൽ കർഷക സംഘം നാഷണൽ എഗ്ഗ് കോഡിനേഷൻ എന്നിവ യഥാക്രമം 1 ലക്ഷം, 10 ലക്ഷം മുട്ടകൾ വകുപ്പ് വഴി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2018-ലെ പ്രളയത്തിൽ പക്ഷിമൃഗാദികൾ നഷ്ടപ്പെട്ടവർക്ക് ദുരന്തനിവാരണ മാനദണ്ഡ പ്രകാരം നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്. ഈ ഇനത്തിൽ 21.99 കോടി രൂപ സംസ്ഥാനത്താകെ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാർ മുഖേന മൃഗസംരക്ഷണ മേഖലയിൽ 1.31 കോടി രൂപ ധനസഹായവും വിതരണം ചെയ്തിട്ടുണ്ട്. 2.68 കോടി രൂപയുടെ കാലിത്തീറ്റ പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. പ്രളയബാധിതമായ 7 ജില്ലകളിൽ 11 ആടുകൾ അടങ്ങുന്ന 1000 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 6.6 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകന് ഇതുപ്രകാരം യൂണിറ്റ് ഒന്നിന് 59,400 രൂപ പദ്ധതിയുടെ ധനസഹായമായി ലഭിക്കും. നവകേരള സൃഷ്ടി പ്രകാരം 77 കോടി രൂപയുടെ പുനരധിവാസ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ പശു വളർത്തൽ, കിടാരി പരിപാലനം, കന്നുകുട്ടി പരിപാലനം, പന്നി വളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ എന്നീ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കന്നുകാലി ഫാമുകളുടെ യന്ത്രവത്കരണം, തൊഴുത്ത് നിർമ്മാണം എന്നിവ ഉൾപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പ്രളയം 2019:- പ്രളയത്തിൽ അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് സംസ്ഥാനത്തൊട്ടാകെ 342 മൃഗചികിത്സാ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഇതിനായി 22 ലക്ഷം രൂപ ചെലവഴിച്ചു. പ്രളയബാധിത മേഖലയിൽ മിൽമ, കേരള ഫീഡ്സ് എന്നീ സ്ഥാപനങ്ങൾ മുഖേന കാലിത്തീറ്റ, ധാതുലവണ മിശ്രിതം, TMR എന്നിവ വിതരണം ചെയ്തു. 2019-ലെ പ്രളയത്തിൽ നഷ്ടപ്പെട്ട ഉരുക്കൾക്ക് ധനസഹായം നൽകാൻ ദുരന്തനിവാരണ ഫണ്ട് ലഭിക്കുന്നതിനായുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ബി) മേൽ ആനുകൂല്യങ്ങൾ അർഹതപ്പെട്ടവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ജില്ലാതലത്തിൽ സംവിധാനം നിലവിലുണ്ട്. അപേക്ഷകൾ പ്രദേശിക വെറ്ററിനറി സർജന്മാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിധികൾ, ക്ഷീരവികസന വകുപ്പ്/മൃഗസംരക്ഷണ വകുപ്പ് പ്രതിനിധികൾ എന്നിവരടങ്ങുന്ന സമിതി സംയുക്തമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

**പാരാ വെറ്ററിനറി കൗൺസിൽ രൂപീകരണം**

126(779) <u>ശ്രീ. പി. ഉബൈദുള്ള</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരാവെറ്ററിനറി കൗൺസിൽ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കൗൺസിലിന്റെ ഘടന, ഉദ്ദേശലക്ഷ്യങ്ങൾ എന്നിവ വിശദീകരിക്കാമോ;

(സി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

**ആട് വളർത്തൽ പ്രോത്സാഹന പദ്ധതി**

127(780) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആട് വളർത്തൽ പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly